**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 170 — 22.03.2012 ൽ മറുപടിക്ക്

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൈബർ സെല്ലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, പാലോട് രവി<br>,, എ. റ്റി. ജോർജ്<br>,, ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സൈബർ സെല്ലുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (എ) | പോലീസ് ആസ്ഥാനത്തും സംസ്ഥാനത്തെ 19 പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും സൈബർ സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സൈബർ സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | വിവര സാങ്കേതിക നിയമത്തിന്റെ പരിധിയിൽ വരുന്ന പരാതികളിലും പ്രസ്തുത നിയമത്തിലെ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലും വിവര സാങ്കേതികതയിലധിഷ്ഠിതമായ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് കുറ്റവാളികളെ പിടികൂടുന്നതിന് അതത് ജില്ലകളിലെ പോലീസിനെ സഹായിക്കുക എന്നതാണ് സൈബർ സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യം. |
| (സി) | പ്രസ്തുത സെല്ലുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭ്യമാകുന്നത് ? | (സി) | സൈബർ സെല്ലുകൾ സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം ലഭിച്ചിട്ടില്ല. എന്നാൽ സൈബർ ക്രൈം അന്വേഷണത്തിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ